കാരണം അദ്ധ്യാപകർക്കു ലഭിക്കേണ്ട പ്രോവിഡൻറ് ഫണ്ട് സംഖ്യ സമയത്തു ലഭിക്കുന്നില്ലെന്ന കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വിദ്യാലയങ്ങളുടെ എണ്ണം വർദ്ധിച്ചതനുസരിച്ച് പ്രോവിഡൻറ് ഫണ്ട് വിഭാഗത്തിൽ ഉദ്യോഗസ്ഥൻമാരെ നിയമിച്ചിട്ടില്ലെന്ന വസ്തുത കണക്കിലെടുത്ത് കൂടുതൽ പേരെ നിയമിക്കുവാൻ നടപടി എടുക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) കൂടുതൽ സ്റ്റാഫിനെ നിയമിക്കുന്നത് ജോലി ഭാരം നിർണ്ണയിച്ചതിനുശേഷമേ സാദ്ധ്യമാകുകയുള്ളു. വിദ്യാഭ്യാസ ഡയറക്ടറുടെ ആഫീസിലും അനുബന്ധ ആഫീസുകളിലും ജോലിഭാരത്തിന്റെ അടിസ്ഥാനത്തിൽ കൂടുതൽ സ്റ്റാഫിനെ നിയമിക്കേണ്ടതുണ്ടോ എന്ന് പഠനം നടത്താൻ ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

അദ്ധ്യാപകർക്ക് ലഭിക്കുന്ന അലവൻസ്

530 [732] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വിദ്യാഭ്യാസ ഇൻസ്റ്റിറ്റ്യൂട്ടിൽ പരിശീലനത്തിന് വരുന്ന അദ്ധ്യാപകർക്ക് ലഭിക്കുന്ന അലവൻസ് അപര്യാപ്തമാണെന്ന കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത അലവൻസ് വർദ്ധിപ്പിക്കുന്ന കാര്യം ഗവൺമെൻറ് പരിഗണിക്കുമോ ?

ഉത്തരം

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

സർക്കാർ സ്കൂളുകളിലെ അദ്ധ്യാപകരുടെ ഒഴിവുകൾ

531 [734] ശ്രീ. കെ. ടി. കുഞ്ഞാരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ സ്കൂളുകളിൽ അദ്ധ്യാപക തസ്തികകളിൽ എത്ര ഒഴിവുകൾ നികത്തപ്പെടാനുണ്ട് ;

(ബി) നികത്തപ്പെടാനുള്ള ഒഴിവുകളിൽ പൂർണ്ണമായും നിയമനം നടത്താൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) സ്വീകരിച്ചിട്ടുണ്ട്.

പീരുമേട് താലൂക്കിലെ യൂത്ത് ക്ലബ്ബുകൾ

532 [735] ശ്രീ. കെ. കെ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പീരുമേട് താലൂക്കിലെ യൂത്ത് ക്ലബ്ബുകളെപ്പറ്റി സർക്കാരിനു എന്തെങ്കിലും പരാതി കിട്ടിയിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ടെങ്കിൽ എന്തു നടപടി സ്വീകരിച്ചുവെന്നു വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പെരുവന്താനം യൂത്ത് ക്ലബ്ബിനെ കുറിച്ചു ലഭിച്ച പരാതിയെപ്പറ്റി അന്വേഷണം നടത്തിയതിൽ പരാതി അടിസ്ഥാനരഹിതമാണെന്നു തെളിഞ്ഞതിനാൽ നിറുത്തിവച്ച യൂത്ത് ക്ലബ്ബിന്റെ പ്രവർത്തനം പുനരാരംഭിക്കാനുള്ള നിർദ്ദേശം കൊടുത്തിട്ടുണ്ട്. ഏലപ്പാറ യൂത്ത് ക്ലബിന്റെ പ്രവർത്തനത്തെ കുറിച്ച് അന്വേഷണം നടത്തിവരുന്നു.

നാടാർ വിദ്യാർത്ഥിനികളുടെ സ്റ്റൈപെൻറ്

533. [736] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നാടാർ വിദ്യാർത്ഥിനികളുടെ സ്റ്റൈപെൻറ് ഈ സ്കൂൾ വർഷം തിരുവനന്തപുരം ജില്ലയിലെ ഒരു സ്കൂളിലും വിതരണം ചെയ്തിട്ടില്ല എന്ന കാര്യം ഗവൺമെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) അങ്ങനെ വിതരണം ചെയ്യാതിരിക്കാൻ കാരണം വ്യക്തമാക്കുമോ ;

(സി) സ്റ്റൈപെൻറ് എത്ര ദിവസത്തിനകം നൽകുമെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഇല്ല. തിരുവനന്തപുരം ജില്ലയിലെ എല്ലാ സ്ക്കൂളുകളിലും സ്കോളർഷിപ്പ് വിതരണം ചെയ്തിട്ടുണ്ട്.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

പ്രാചീനകലകൾ പ്രോൽസാഹിപ്പിക്കാൻ നടപടി

534. [737] ശ്രീ.എം.പി.എം.ഇസ്ഹാക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന സാംസ്കാരിക വകുപ്പിന്റെ കീഴിൽ പ്രാചീന കലകൾ പ്രോൽസാഹിപ്പിക്കുവാൻ നടപടികൾ സ്വീകരിച്ചുവോ ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാം കലകൾ ;

(സി) മാപ്പിളകലകൾ പഠിപ്പിക്കുവാൻ നടപടി എടുത്തിട്ടുണ്ടോ ?

ഉത്തരം

(എ) സാംസ്കാരിക വകുപ്പിന്റെ കീഴിൽ പ്രാചീന കലകൾ പ്രോൽസാഹിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) പുരാവസ്തു വകുപ്പിന്റെ കീഴിൽ പത്തനംതിട്ട ജില്ലയിലെ മണ്ണടി എന്ന സ്ഥലത്ത് കേരള ജനകീയ വിജ്ഞാന ജനകീയ കലാകേന്ദ്രം എന്ന പേരിൽ ഒരു സ്ഥാപനം പ്രവർത്തിച്ചുവരുന്നു. ഈ സ്ഥാപനത്തിന്റെ ആഭിമുഖ്യത്തിൽ പടയണി, പാക്കനാർ കളി, പാർവ്വേലിക്കളി, കുത്തിയോട്ടം, കാളിയൂട്ട്, തിരുവാതിരക്കളി കമ്പടികളി, കുറവർകളി, ഐവർകളി,

LIBRARY ARCHIVES Kerala Legislative Assembly